(ബി) ഈ കാലയളവിൽ കേന്ദ്ര സഹായമായി ലഭിച്ച തുക എത്ര;

(സി) ഇതിൽ എൻ. സി. ഡി. സി യുടെ സഹായമായി ലഭിച്ച തുക എത്ര?

ഉത്തരം

(എ) 56,67,960 രൂപ.

(ബി) 9,54,000 രൂപ.

(സി) 38,63,500 രൂപ.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

II സ്പീക്കറുടെ പ്രസ്താവന

(1) ഇൻഡ്യ സന്ദർശിക്കുന്ന സോവിയറ്റ് നേതാവ് മിഖായേൽ ഗോർബച്ചേവിന് അഭിവാദ്യങ്ങൾ

മി. സ്പീക്കർ : ഹൃദയം നിറഞ്ഞ സൗഹൃദവുമായി സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽസെക്രട്ടറിയും, സോവിയറ്റ് യൂണിയന്റെ പരമോന്നത നേതാവുമായ ശ്രീ. മിഖായേൽ ഗോർബച്ചേവ് നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇൻഡ്യയിൽ എത്തുകയാണ്. വർഷങ്ങളായി വളർന്ന് പുഷ്ടി പ്രാപിച്ച ഇൻഡോ-സോവിയറ്റ് സൗഹൃദം കൂടുതൽ ഭദ്രമാക്കിട്ടുറപ്പിക്കാൻ ശ്രീ. ഗോർബച്ചേവിന്റെ സന്ദർശനം സഹായകരമായിത്തീരുമെന്നുള്ളതിൽ സംശയമില്ല. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രാഷ്ട്രാന്തരസഹകരണത്തിന്റെയും പ്രകാശദീപവുമായി ഭാരതമണ്ണിലെത്തുന്ന ശ്രീ. മിഖായേൽ ഗോർബച്ചേവിന്റെ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള ഉറ്റ ബന്ധത്തിന് പുതിയ മാനങ്ങൾ കണ്ടെത്തും. ലോകസമാധാനത്തിനും ലോകരാഷ്ട്രങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കും നിരായുധീകരണത്തിനും നമ്മുടെ പ്രിയങ്കരനായ പ്രധാനമന്ത്രി ശ്രീ രാജീവ് ഗാന്ധിയും സോവിയറ്റ് നേതാവും തമ്മിലുള്ള സമ്മേളനം പുതിയ മേഖലകൾ കണ്ടെത്തുമെന്നും, അവരുടെ ശ്രമങ്ങൾ വിജയസോപാനത്തിൽ എത്തിച്ചേരുമെന്നും പ്രത്യാശിച്ചുകൊണ്ട് നമുക്ക് അദ്ദേഹത്തിന് അഭിവാദനങ്ങളർപ്പിക്കാം.

(2) ശ്രീ. ജി. കാർത്തികേയൻ എം. എൽ. എ. യുടെ പരാമർശത്തെ സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നലെ സഭാ നടപടികൾ ഇടയ്ക്ക് നിർത്തിവച്ച് ചെയർ ചേമ്പറിലേക്ക് പോകുന്ന സന്ദർഭത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ചില പരാമർശനങ്ങൾ ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. കാർത്തികേയന്റെ ഭാഗത്തുനിന്നും ഉണ്ടായതായി ബഹുമാനപ്പെട്ട പല അംഗങ്ങളും ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. മാന്യതയുള്ള ആരിൽനിന്നും പ്രതീക്ഷിക്കാവുന്ന പദപ്രയോഗങ്ങളല്ല അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തിന്റെ ആ പദപ്രയോഗങ്ങൾ അങ്ങേയറ്റം അപലപനീയമാണ്, അനുചിതമായിപ്പോയി!

LIBRARY ARCHIVES Kerala Legislative Assembly